*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രൊഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രൊഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 35C

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

# സൂര്യൻ, ചന്ദ്രൻ, മൂന്നാം കണ്ണും ഒരേ ദിവസം!!!

**5 ഒക്ടോബർ 2022**

ഓം ശ്രീ സായിരാം.

പ്രശാന്തി സന്ദേശം സായി വിവേകമുത്തുകളിലേക്ക് സ്വാഗതം.

ശരി, ഭാഗ്യത്തിന്, ഭഗവാൻ ശ്രീ സത്യസായി ബാബയുടെ ബാല്യകാലത്ത് നടന്ന ഏതാനും വിചിത്രമായ സംഭവങ്ങളെപ്പറ്റി വായിക്കുന്നതിന് എനിക്ക് സാധിച്ചിട്ടുണ്ട്. ആ പുസ്തകം മുംബെയിലെ പ്രശാന്ത് പ്രഭാകർ പലേക്കർ എഴുതി, മുംബെ ശ്രീ സത്യസായി ബുക്സ് & പബ്ലിക്കേഷൻസ് ട്രസ്റ്റ് പ്രസിദ്ധപ്പെടുത്തിയതാണ്. ഞാൻ നിങ്ങളോട് പങ്കുവയ്ക്കുന്ന സംഭവങ്ങളുടെ ആധികാരികതയും വിശ്വസനീയതയും ഉറപ്പിക്കുന്നതിനു വേണ്ടി മാത്രമാണ് ഞാനിത് നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഞാനിത് ആദ്യമായാണ് അറിയുന്നത്; അപ്പോൾ ഇത് നമ്മുടെ സുഹൃത്തുക്കളുമായി, നമ്മുടെ ചങ്ങാതിമാരോടും, പങ്കുവയ്ക്കണം എന്ന് ഞാൻ കരുതി.



ശരി, സ്വാമി നന്നേ ചെറുപ്പമായിരുന്നപ്പോൾ നടന്ന താണ്, വൈകുന്നേരങ്ങളിൽ അവിട ുന്ന് ഭക്തർക്കൊപ്പം ചിത്രാവതീ നദീതീരത്തേക്ക് പോവാറുണ്ടായിരുന്നു. അതിനാൽ, ചിത്രാവതിക്ക് ഭഗവാൻ ശ്രീ സത്യസായി ബാബയുടെ ജീവിതത്തിൽ വളരെ പ്രധാനപ്പെട്ട പങ്കുണ്ട്.

ഒരിക്കൽ, സ്വാമിയുടെ സത്യസ്വരൂപം അറിഞ്ഞാൽ കൊള്ളാം എന്ന് ഏതാനും ഭക്തർ അവരുടെ ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. സത്യസ്വരൂപം എന്നാൽ ശരിയായ പ്രകൃതം എന്നർത്ഥം. ചിത്രാവതീ നദീതീരത്ത്, ഭക്തരുടെ ഗ്രൂപ്പിനൊപ്പം സ്വാമി ഇരി ക്കുന്ന വേളയിൽ, പെട്ടെന്നാണ് ഭക്തരുടെ ഈ ചോദ്യം ഭഗവാനോട്. നന്നായി, അവരിത് ചോദിക്കുമ്പോൾ ഏതാണ്ട് സൂര്യാസ്തമയമായി, ഭക്തരോട് സംസാരിച്ചുകൊണ്ടിരിക്കു



ചിത്രാവതീ നദീതീരത്ത്, ഭക്തർക്കൊപ്പം

മ്പോൾ, സ്വാമി പൊടുന്നനെ അപ്രത്യക്ഷനായി. ഓരോരുത്തരും അവിടുന്നിനെ തെരയാൻ

തുടങ്ങി, പക്ഷേ ഫലമുണ്ടായില്ല. പെട്ടെന്ന്, കുറച്ചകലെ ഒരു കുന്നിൻ മുകളിൽനിന്ന്, അവരൊരു കൈ കൊട്ടുന്ന ശബ്ദം കേട്ടു. ഓരോരുത്തരും ആ ദിശയിൽ നോക്കുമ്പോൾ, സ്വാമി ആ കുന്നിന്റെ മുകളിൽ നിൽക്കുന്നതാണ് അവർ കണ്ടത്. അവിടെ നിന്നുകൊണ്ട് അവിടുന്ന് എല്ലാവരോടുമായി ചോദിച്ചു, "നിങ്ങൾക്ക് സൂര്യനെ കാണണമെന്നുണ്ടോ?" സൂര്യനെ!




അവരെല്ലാവരും പറഞ്ഞു, "ഉവ്വ്, സ്വാമീ! ഞങ്ങൾക്ക് സൂര്യനെ കാണണമെന്നുണ്ട്." എല്ലാവരും ഒരുമിച്ച് പറഞ്ഞു.

സൂര്യാസ്തമയത്തിനു ശേഷം സൂര്യൻ എങ്ങനെ വീണ്ടും പ്രത്യക്ഷപ്പെടാനാണ്? അസാദ്ധ്യം!

എന്നാൽ നോക്കൂ, ശ്രീ സത്യനാരായണന്റെ, നമ്മുടെ പ്രിയ ഭഗവാന്റെ, പുറകിലായി സൂര്യനാരായണൻ ഉദിച്ചുയരുന്നത് അവർക്ക് കാണാൻ കഴിഞ്ഞു! അതിന്റെ ശോഭ അത്രമേൽ ഉജ്ജ്വലമായിരുന്നു; ചൂട് കാരണം അവരെല്ലാവരും നന്നായി വിയർക്കാൻ തുടങ്ങി.




അവർ വിളിച്ചു പറഞ്ഞു, "സ്വാമീ, ഇത് വളരെ ചൂടാണ്!" ഞൊടിയിടയിൽ ഉഷ്ണം ശമിക്കാൻ തുടങ്ങി.

അപ്പോൾ സ്വാമി ചോദിച്ചു, "നിങ്ങൾക്ക് ചന്ദ്രനെ കാണണമെന്നുണ്ടോ?"

പൂർണചന്ദ്രൻ അവിടുത്തെ പുറകിലായി ഉദിച്ചുയരാൻ തുടങ്ങി. എല്ലായിടവും സുഖകരമായ നിലാവ് പരക്കാൻ തുടങ്ങിയപ്പോൾ, ഭക്തർക്ക് തണുത്തിട്ട് അവർ വിറയ്ക്കാൻ തുടങ്ങി.

അവരിൽ ചിലർ ഉറക്കെ വിളിച്ചു, "സ്വാമീ, ഇത് വളരെ തണുപ്പാണ്!" തണുപ്പ് സാവ



ധാനം കുറഞ്ഞു തുടങ്ങി! അപ്പോൾ സ്വാമി അവിടുത്തെ ആധികാരികമായ ശബ്ദത്തിൽ പ്രഖ്യാപിച്ചു, "ഞാനിപ്പോൾ നിങ്ങളെ മൂന്നാം കണ്ണ് കാട്ടിത്തരാം!" ത്രിനേത്രം, നിങ്ങൾക്കറിയാം, ഭഗവാൻ ശിവന് മുക്കണ്ണുണ്ട്.

"ഞാനിപ്പോൾ നിങ്ങൾക്ക് കാട്ടിത്തരാം. ശ്രദ്ധിച്ച് നോക്കിക്കോളൂ!" ഭഗവാൻ പറഞ്ഞു.

മൂന്നാം കണ്ണ് എങ്ങനെയിരിക്കും എന്നോർത്ത് ഓരോരുത്തരും അതിശയിക്കുമ്പോഴും സ്വാമിയെ കാണാനായില്ല. അവിടുത്തെ ശിരസ്സ് മാത്രം കാണായി. ആകാശം മുഴുവനും ആ ശിരസ്സ് നിറയത്തക്കവിധം അത് വളരാൻ തുടങ്ങി. ഓരോരുത്തരും ഇത് കണ്ടുകൊണ്ടിരിക്കെ, അവിടുത്തെ കൺപുരികങ്ങൾക്കു നടുവിലായി ഒരു പിളർപ്പ് ദൃശ്യമായിത്തുടങ്ങി. അതിതീക്ഷ്ണമായ പ്രകാശവും തീപ്പൊരിയും അതിൽനിന്ന് പ്രവഹിക്കാൻ തുടങ്ങി. ആ ഉജ്ജ്വലദീപ്തി വർദ്ധിച്ച ഭക്തന്മാരിൽ ചിലർക്ക് ഇത് സഹിക്കാനായില്ല, ചിലർ അബോധാവസ്ഥയിലായി, കുട്ടികൾ കരയാൻ തുടങ്ങി. പെട്ടെന്ന് ഈ സകല പ്രതിഭാസവും അപ്രത്യക്ഷമായി, സ്വാമി അവരുടെ നടുക്ക് നിൽക്കുന്നത് ഓരോരുത്തരും കണ്ടു.




ചിരിച്ചുകൊണ്ട്, അവരുടെ നേർക്ക് നോക്കിയിട്ട്, അവിടുന്ന് അവരോട് തിരക്കി, "എന്തുപറ്റി? നിങ്ങൾക്ക് കുഴപ്പമൊന്നുമില്ലല്ലോ?"

എന്നിട്ട് അവിടുന്ന് വിഭൂതി സൃഷ്ടിച്ചിട്ട് അത് ഓരോരുത്തരുടെയും നെറ്റിയിൽ പുരട്ടി. മയങ്ങിവീണവരൊക്കെ ഓരോരുത്തരായി തിരികെ ബോധാവസ്ഥയിലേക്ക് വന്നു, എന്നാൽ അവർക്കെല്ലാം തലചുറ്റൽ ഉണ്ടായിരുന്നു-അടുത്ത രണ്ടു ദിവസത്തേക്ക് ആ തോന്നൽ നിലനിന്നു!

ഈ അസാധാരണ ദർശനം വിശദമാക്കിക്കൊണ്ട് സ്വാമി പറയുകയുണ്ടായി, "എന്റെ നേർസ്വരൂപം നിങ്ങൾക്ക് വെളിപ്പെടുത്തണമെന്ന് നിങ്ങൾ പ്രാർത്ഥിച്ചതുകൊണ്ടാണ് ഞാൻ ഇതെല്ലാം ചെയ്തത്! നിങ്ങളുടെ അനേക മുൻ ജന്മങ്ങളിലെ പ്രാർത്ഥന മൂലമാണ്, ഞാൻ നിങ്ങൾക്ക് മുക്കണ്ണ് കാട്ടിത്തന്നത്. എന്റെ ദീപ്തിയുടെ ആയിരത്തിലൊരംശം പോലും ഞാൻ നിങ്ങൾക്ക് കാട്ടിത്തന്നിട്ടില്ല! എന്നാൽ അതുപോലും സഹിക്കാൻ നിങ്ങൾക്കായില്ല!"

പറയപ്പെട്ടതൊക്കെ സംഗ്രഹീതമായി ഇവിടെ നിങ്ങളുമായി പങ്കു വയ്ക്കുന്നതിന് എനിക്ക് സന്തോഷമാണ്. ഭഗവാൻ അവിടുന്നിന് പുറകിലായി സൂര്യനെ കാട്ടിക്കൊടുക്കുക; ഭഗവാൻ അവിടുത്തെ ശിരസ്സിനു പുറകിലായി ചന്ദ്രനെ കാട്ടിക്കൊടുക്കുക; ഭഗവാൻ അവിടുത്തെ ചിത്രാവതീ നദീതീരത്തേക്ക് അനുഗമിച്ചവർക്ക് മുക്കണ്ണ് കാട്ടിക്കൊടുക്കുക! ശരിക്കും എത്ര അതിശയകരങ്ങളായ അനുഭവങ്ങളാണവ!




ചിത്രാവതീ നദീതീരത്തെ ചാന്ദ്രദർശനം

നമുക്ക് ഈ അനുഭവങ്ങളൊക്കെ വേണമെന്നുണ്ട്, എന്നാൽ നമുക്കിവ താങ്ങാനാവുമോ എന്ന് നാം സ്വയം ചോദ്യം ചെയ്യാറില്ല-സൂര്യന്റെ കൊടും ചൂട്, ചന്ദ്രന്റെ കൊടും തണുപ്പ്. നമുക്കത് താങ്ങാനാവുമോ? അതാണ് അന്ന് സംഭവിച്ചത്- അക്കാലത്തെ ഭക്തർക്ക് സംഭവിച്ചത്!

അതുകൊണ്ട്, നമുക്കെല്ലാവർക്കും വളരെ വ്യക്തമാണ്, സത്യ എന്ന വാക്കിന് മൂന്ന് അക്ഷരഗണങ്ങളുണ്ട്. സത്യ=സ, ത, യ. 'സ' എന്നാൽ സാക്ഷാത്കാരം, സാക്ഷാത്കാരം-ആത്മ സാക്ഷാത്കാരം! 'ത' എന്നാൽ തപസ്സ്, 'യ' എന്നാൽ യമം-ഇന്ദ്രിയ നിയന്ത്രണം, ഇന്ദ്രിയ നിയന്ത്രണം! ഈ ചമത്കാരങ്ങളെപ്പറ്റി ഞാൻ അതിനുമുമ്പ് കേട്ടിരുന്നില്ല. അതുകൊണ്ടാണിവ ഞാനിവ നിങ്ങളുമായി പങ്കു വയ്ക്കാനാഗ്രഹിച്ചത്.

ഒരിക്കൽ ഒരു വിദ്യാർത്ഥിയോട് സംസാരിക്കാൻ ആവശ്യപ്പെട്ടു, അവൻ കുറച്ചുനേരം സംസാരിച്ചു. അവൻ സ്വാമിയെ അവന്റെ അമ്മയായിട്ടാണ് അഭിസംബോധന ചെയ്തത്-സായി മാതാ. അതുകൊണ്ട് അവൻ വീണ്ടും പറഞ്ഞു, "എനിക്ക് അമ്മയില്ല, പക്ഷേ ആയിരം അമ്മമാരുടെ പ്രേമത്താൽ ഞാൻ അനുഗ്രഹീതനാണ്!"

പുറകെ ചെയ്ത ദിവ്യപ്രഭാഷണത്തിൽ, സ്വാമി ഈ പ്രസ്താവന വിശദീകരിക്കുകയുണ്ടായി. അവിടുന്ന് പറഞ്ഞു, "നിങ്ങൾക്കറിയുമോ എന്തിനാണ് ഈ കുട്ടി എന്നെ 'സായിമാതാവെ'ന്ന് അഭിസംബോധന ചെയ്തതെന്ന്? പത്തു കൊല്ലം മുമ്പ്, ഈ കുട്ടിയും അവന്റെ സഹോദരനും ചെറിയ കുഞ്ഞുങ്ങളായിരിക്കുമ്പോൾ, ഇവരുടെ അമ്മയെ ഒരു സ്ട്രെച്ചറിൽ ബൃന്ദാവനിലേക്ക് കൊണ്ടുവന്നു. സ്ട്രെച്ചറിൽ! അവർ ഹിമാചൽപ്രദേശിൽനിന്ന് വന്നതാണ്. അമ്മയ്ക്ക് ഗുരുതരമായ രോഗമായിരുന്നു. ഞാനീ കുട്ടികളെ എന്നോട് ചേർത്തുപിടിച്ച് അവൾക്ക് വാക്ക് കൊടുത്തു, "ഇപ്പോൾ മുതൽക്ക് ഈ കുട്ടികൾ എന്റേതാണ്. ഈ നിമിഷം മുതൽക്ക് ഈ കുട്ടികൾ എന്റേതാണ്! പരരിഭ്രമിക്കേണ്ട." അമ്മയ്ക്ക് സമാധാനമായി. പിന്നീട് അവർ ജീവൻ വെടിഞ്ഞു. അവരുടെ അച്ഛൻ ഇവിടെ അപൂർവമായേ എത്താറുള്ളൂ. കുട്ടികളെ സ്വാമിയുടെ സംരക്ഷണത്തിൽ ഏൽപ്പിച്ചിരിക്കുകയാണ്. കുട്ടികൾ ഇവിടെയാണ് സ്കൂളിൽ പോയത്. കുട്ടിക്ക് 5 വയസ്സ് പ്രായമായി, 1-ാം ക്ലാസ്സിൽ പഠിക്കുകയായിരുന്നു. "ഒരു ദിവസം, ലേഡി വാർഡൻ അവനെ എന്റെയടുത്ത് കൊണ്ടുവന്നിട്ട് പറഞ്ഞു, 'ഈ കുട്ടിക്ക് അവന്റെ അമ്മയെ വല്ലാതെ നഷ്ടപ്പെട്ടിരിക്കുകയാണ്. അവൻ ശരിക്ക് ആഹാരം പോലും കഴിക്കുന്നില്ല, എല്ലായ്പോഴും കരഞ്ഞുകൊണ്ടിരിക്കുകയാണ്." ഞാൻ അവനെ ഇന്റർവ്യൂ മുറിയിലേക്ക് കൊണ്ടുപോയി അവനുവേണ്ടി ഒരു മോതിരം സൃഷ്ടിച്ചു നൽകി. ഞാനവനെ പല തരത്തിലും സാന്ത്വനിപ്പിച്ചു. ആ നിമിഷം തൊട്ട്, അവന് അവന്റെ ദു:ഖം അതിജീവിക്കാനായി. സ്വാമിയുടെ പ്രേമമാണിത്, സ്വാമിയുടെ പ്രേമം!"

ഇതു കൊണ്ടും തീരുന്നില്ല. മറ്റൊരു സംഭവവും ഞാൻ അറിയാനിടയായി, ഒരു മധ്യവയസ്കനായ ആൾ അദ്ദേഹത്തിന്റെ പിതാവിന്റെ മരണശേഷം സ്വാമിയുടെ ദർശനത്തിനായി വന്നു. അദ്ദേഹം ആദ്യത്തെ വരിയിൽ ഇരിക്കുകയായിരുന്നു. സ്വാമി അടുത്തേക്ക് വരുന്തോറും തന്റെ അച്ഛന്റെ സ്മരണകളാൽ അദ്ദേഹത്തിന് കണ്ണീര് നിയന്ത്രിക്കാനായില്ല.

സ്വാമി അദ്ദേഹത്തിന്റെ സമീപം നടന്നു വന്നു, പിന്നെ പ്രേമപൂർവം പറഞ്ഞു, "കരയേണ്ട, കരയേണ്ട! നിന്റെ അമ്മയെ സേവിക്കൂ, നിന്റെ അമ്മയെ സേവിക്കൂ!"

ആ നിമിഷം, അത്ഭുതകരമായി അദ്ദേഹത്തിന്റെ ദു:ഖം അയഞ്ഞു, കാരണം താൻ തന്റെ ദിവ്യപിതാവിന്റെ സംരക്ഷണത്തിലാണെന്ന് ആ മാന്യൻ തിരിച്ചറിഞ്ഞു. സ്വാമി പറയുന്നു, "നിങ്ങളുടെ സ്വന്തം മാതാപിതാക്കൾ കുറച്ച് സ്വാർത്ഥ താത്പര്യങ്ങളോടെയാവാം നിങ്ങളെ സ്നേഹിക്കുക, പക്ഷേ ഈ ദിവ്യ സായിമാതാവും പിതാവും നിങ്ങളിൽ കരുണ ചൊരിയുന്നത് നിങ്ങളുടെ ആത്മ സാക്ഷാത്കാര ശ്രമങ്ങളിൽ നിങ്ങളെ സഹായിക്കുന്നതിനു വേണ്ടി മാത്രമാണ്!"



അതിനാൽ, സ്വാമിയുടെ എല്ലാ ചമത്കാരങ്ങളും ഇതു ലക്ഷ്യമാക്കിയിട്ടാണ്, നമുക്ക് ആ ആത്മാവബോധം(self awareness) അഥവാ നിങ്ങൾ വിളിക്കുന്ന ആത്മ സാക്ഷാത്കാരം ലഭിക്കുന്നതിനാണ്. സത്യൻ ഉദ്ദേശിച്ചത് അതാണ്!

ഇനി, സ്വാമി പരാമർശിച്ചിട്ടുണ്ട്, അവിടുന്ന് ധർമ്മസ്വരൂപനാണ്! ധർമ്മം എന്നതിനർത്ഥം ന്യായം(righteousness)!. ധർമ്മപരായണൻ! പരായണൻ എന്നാൽ അന്തിമാശ്രയം. ധർമ്മം നമ്മുടെ അന്തിമാശ്രയമാണ്. അതുകൊണ്ട്, സായിയാണ് പരമമായ ആശ്രയം, സത്യവും



ധർമ്മവും പുലർത്തി ആത്മസാക്ഷാത്കാരത്തിലൂടെ അത് നേടാം. ഈശ്വരൻ എപ്പോഴൊക്കെ ഭൂമിയിൽ അവതരിച്ചിട്ടുണ്ടോ, അവിടുന്ന് സത്യത്തിനും ധർമ്മത്തിനും പരമ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്.

രാമായണം, ഒരു പിതാവിന്റെ, മാതാവിന്റെ, പുത്രന്റെ, സഹോദരന്റെ, ഭാര്യയുടെ, രാജാവിന്റെ ഒക്കെ വിവിധ കടമകൾ വിവരിക്കുന്നു. ഒരു പുത്രനെന്ന നിലയ്ക്ക്, ഭർത്താവെന്നനിലയ്ക്ക്, സഹോദരനെന്ന നിലയ്ക്ക്, രാജാവെന്ന നിലയ്ക്ക്, തന്റെ ധർമ്മം നിറവേറ്റി പ്രഭു രാമചന്ദ്രൻ നമുക്ക് മാതൃക കാട്ടിത്തന്നിരിക്കുന്നു.

കൃഷ്ണാവതാരകാലത്ത് നിരവധി സന്ദർഭങ്ങളിൽ, ഭഗവാൻ ഭഗവത്ഗീതയിൽ ധർമ്മത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞിരിക്കുന്നു! നമ്മുടെ സകല ശാസ്ത്രങ്ങളിലും ധർമ്മത്തിന് പരമപ്രാധാന്യം നൽകപ്പെട്ടിരിക്കുന്നു, ഭഗവാൻ ഇത് ആവർത്തിച്ച് പരാമർശിക്കുകയും ചെയ്യുന്നു. എന്തുകൊണ്ട്?

ഭഗവാന്-ഷിർദ്ദി ഭഗവാന് ഒരു പ്രത്യേക ശീലമുണ്ടായിരുന്നു. അവിടുന്ന് സംസാരിക്കുമ്പോൾ, ഇടയ്ക്ക്, അവിടുന്ന് അപ്രസക്തമായ കാര്യങ്ങൾ പറയുന്നപോലെ തോന്നും, സാധാരണക്കാരനായ ശ്രോതാക്കൾക്ക് അവ ഏറെക്കുറെ പിടി കിട്ടാറില്ല, എന്നാൽ അത്

ആരെ ഉദ്ദേശിച്ചാണോ പറയുന്നത് അവർക്ക് പ്രസക്തവും അർത്ഥപൂർണവും ആയിരിക്കുകയും ചെയ്യും.

ഒരിക്കൽ സായിനാഥൻ ദ്വാരകാമായിയിലിരുന്ന് ഭക്തരോട് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു അപരിചിതനായ മനുഷ്യൻ അവിടുത്തെ ദർശനത്തിനായി എത്തി. അയാൾ ദ്വാരകാമായിയുടെ പടികൾ കയറാൻ കാലെടുത്തു വയ്ക്കാൻ തുടങ്ങുമ്പോഴേക്കും, ബാബ അത്യുച്ചത്തിൽ ഇടിവെട്ടും വണ്ണം വിലക്കി, "നിൽക്ക്, മുകളിലേക്ക് കയറേണ്ടാ!" അവിടെ സന്നിഹിതരായവർക്കൊക്കെ ഇത്തരം ഒരു ഭാവപ്രകടനം തികച്ചും ഭീതികരമായി, ആ വ്യക്തിക്കുൾപ്പടെ. ബാബയുടെ മുന്നറിയിപ്പ് വകവയ്ക്കാതെ അയാൾ ദ്വാരകാമായിയുടെ പടികൾ കയറുന്നത് തുടർന്നു.



ബാബ അപ്പോൾ കോപത്താൽ ജ്വലിച്ചു, അവിടുത്തെ മുഖവും നയനങ്ങളും ദേഷ്യം കൊണ്ട് ചെമന്നു. അവിടുന്ന് അട്ടഹസിച്ചു, """നിൽക്കവിടെ! മുകളിലേക്ക് കയറാൻ നീ ധൈര്യപ്പെടുന്നോ! നീ നിന്റെ അച്ഛനെ വിറ്റതല്ലേ? എന്നിട്ടും മുകളിലേക്ക് കയറാൻ നീ എങ്ങനെ ധൈര്യപ്പെടുന്നു? നീ നിന്റെ അച്ഛനെ വിറ്റിരിക്കുന്നു!"

ഇത് കേട്ടപ്പോൾ ആ അപരിചിതൻ ലജ്ജിച്ചുപോയി. തല കുമ്പിട്ട് അയാൾ സ്ഥലം വിട്ടു. ആർക്കുംതന്നെ ഈ പ്രസ്താവനയുടെ പൊരുൾ പിടി കിട്ടിയില്ല. അന്വേഷണത്തിൽ വെളിവായി, അയാൾ അടുത്ത കാലത്ത് അയാളുടെ മതം മാറുകയുണ്ടായി. ആർക്കും ഇതേക്കുറിച്ച് അറിവുണ്ടായിരുന്നില്ല. പക്ഷേ, സർവജ്ഞനായ സായിയിൽനിന്ന് ആർക്കെങ്കിലും എന്തെങ്കിലും ഒളിച്ചുവയ്ക്കാനാവുമോ? അസാദ്ധ്യം!

എല്ലാ മതങ്ങളും ഒരേ പ്രേമതത്വമാണ് പഠിപ്പിക്കുന്നത്. അപ്പോൾ, എന്തുകൊണ്ട് അവൻ മതം മാറണം? തന്റെ ജന്മനാ ഉള്ള മതത്തിൽത്തന്നെ തുടർന്നുകൊണ്ട് അവന് സ്വന്തം ധർമ്മം നിറവേറ്റാവുന്നതേയുള്ളൂ. സായിനാഥ് ഇത് അംഗീകരിക്കുന്നില്ല, അതുകൊണ്ടാണ് അവിടുത്തെ അസംതൃപ്തി പ്രകടമാക്കിയത്.

അതിനാൽ സ്വാമി നമ്മോട് പറയുന്നു, "എന്റെ ജീവിതമാണ് എന്റെ സന്ദേശം! എന്റെ ജീവിതമാണ് എന്റെ സന്ദേശം!" അവിടുത്തെ പത്താമത്തെ വയസ്സിൽ അവിടുന്ന് ഈശ്വരമ്മയോട് പറഞ്ഞു, "സേവ ചെയ്യുന്നതിനാണ് ഞാൻ ജനിച്ചത്!"

മാനവരാശിയെ ഉദ്ധരിക്കാനുള്ള അവിടുത്തെ ദൗത്യം തുടരുകയാണ്. മതം പിന്തുടരുക എന്നത് ഒരു ചിരന്തന നിയമമാണെന്ന് സ്വാമി പറയുന്നു. മതത്തെ അനുസരിക്കുന്നത് ഒരുവൻ നിർത്തുകയാണെങ്കിൽ ലോകത്ത് കുഴപ്പമുണ്ടാവും.

ഗീതയിൽ പറയുന്നതുപോലെ, "ആരാണോ ഈ അനശ്വരമായ ധർമം -ജീവിത നിയമം, വിവരിച്ചതുപോലെ, വിശ്വാസപൂർവം, എന്നെ അവരുടെ പരമലക്ഷ്യമായി കണ്ട് പിന്തുടരുന്നത്, അവർ എനിക്ക് അത്യധികം പ്രിയപ്പെട്ടവരാവും!" ഇപ്രകാരമാണ് ഭഗവാൻ അരുളിയത്.

അതുകൊണ്ട്, ഈ ലഘു പ്രഭാഷണത്തിൽ, സ്വാമി നന്നേ ചെറുപ്പമായിരിക്കുമ്പോൾ നടന്ന ചില അപൂർവമായ സംഭവങ്ങൾ നിങ്ങളുമായി പങ്കു വയ്ക്കാനായതിൽ എനിക്ക് സന്തോഷമുണ്ട്.

നിങ്ങൾക്ക് നന്ദി! നമുക്ക് വീണ്ടും കാണാം!

സായിരാം!



(തുടരും)

**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)